# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.387 19.03.2018 -ൽ മറുപടിക്ക്

## ദേശീയ നൈപുണ്യ വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആർ. രാജേഷ്**<br>**ശ്രീ.വി. അബ്ദുറഹിമാൻ**<br>**ശ്രീ.കെ. ബാബു**<br>ശ്രീ.കെ.ജെ.മാക്സി | പ്രൊഫ : സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ദേശീയ നൈപുണ്യ വികസന പദ്ധതി (എൻ.എസ്.ക്യു.എഫ്) സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ അറിയിക്കാമോ; | എ) *തീരുമാനിച്ചിട്ടുണ്ട്. ദേശീയ നൈപുണ്യ വികസന പദ്ധതി (എൻ.എസ്.ക്യു.എഫ്) പൊതുവിദ്യാഭ്യാസത്തെ തൊഴിൽ വിദ്യാഭ്യാസവുമായി ഉൾച്ചേർക്കുവാൻ സഹായിക്കുന്നു. 9 മുതൽ 12 വരെയുള്ള നാലു ക്ലാസ്സുകളെ ലെവൽ 1 മുതൽ 4 വരെയായിട്ടാണ് എൻ.എസ്.ക്യു.എഫിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്തെ അഭ്യസ്തവിദ്യരുടെ വൈദഗ്ധ്യക്കുറവുമൂലമുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും പുതിയ ഒരു തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിനും എൻ.എസ്.ക്യു.എഫ് നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിടുന്നു.* |
| ബി) ദേശവ്യാപകമായി ഇതിന് ഏകീകൃത പാഠ്യപദ്ധതി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) *ഉണ്ട് . എൻ.സി.ഇ.ആർ.ടി യുടെ അനുബന്ധ സ്ഥാപനമായ ഭോപാലിൽ സ്ഥിതി ചെയ്യുന്ന പണ്ഡിറ്റ് സുന്ദർലാൽ ശർമ്മ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൊക്കേഷണൽ എഡ്യൂക്കേഷൻ എന്ന സ്ഥാപനമാണ് പ്രധാനമായും എൻ.എസ്.ക്യു.എഫിലേക്കുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കുന്ന സർക്കാർ സ്ഥാപനം.* |
| സി) വിവിധ ലെവലുകളിലായി ആർജ്ജിക്കേണ്ട വൈദഗ്ദ്ധ്യം എന്തെല്ലാമാണ്; ഈ ലെവലുകൾ ഓരോന്നും ഏതൊക്കെ ക്ലാസുകളിൽ ആർജ്ജിക്കേണ്ടതാണ്; ഇതിനായി പാഠ്യക്രമം തയ്യാറായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | സി) ലെവൽ 1 ഒമ്പതാം ക്ലാസിലാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ തലത്തിൽ പ്രായോഗിക അനുഭവങ്ങൾ ഇല്ലാതെ തന്നെ ആവർത്തന സ്വഭാവമുള്ളതും ക്രമപ്പെടുത്തിയതുമായ പ്രക്രിയകളിൽ പഠിതാവിന് ഏർപ്പെടാൻ അവസരം ലഭിക്കണം. തൊഴിലുമായി ബന്ധപ്പെട്ട് സാധാരണ ഉപയോഗിക്കുന്ന പദങ്ങൾ തിരിച്ചറിയാനും മനസ്സിലാക്കാനും കഴിയണം. തൊഴിൽ സംബന്ധിച്ച ഉത്തരവാദിത്വങ്ങൾ ഈ ഘട്ടത്തിൽ പഠിതാവ് ഏറ്റെടുക്കേണ്ടതില്ല. തൊഴിൽ വിദഗ്ധർ നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ച് പ്രവർത്തിക്കുന്നതിന് പഠിതാവിന് കഴിയണം. പത്താം ക്ലാസിന് ലെവൽ 2 ആണ് ബാധകം. തൊഴിലുമായി ബന്ധപ്പെട്ട ചില പ്രായോഗിക നൈപുണികൾ വികസിപ്പിക്കുന്നതിനാവശ്യമായ പ്രക്രിയയിലൂടെ പഠിതാവ് കടന്നുപോകണം. സാമഗ്രികൾ, ഉപകരണങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും അവ |

തൊഴിലിന്റെ പ്രത്യേക സന്ദർഭങ്ങളിൽ പ്രയോഗിക്കാനും കഴി യണം. ഈ ലെവലിലും പഠിതാവ് തൊഴിൽ സംബന്ധിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടതില്ല. എന്നാൽ തൊഴിൽ വിദഗ്ധന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കാൻ കഴി യണം. വിഷയ സംബന്ധിയായ അറിവുകളും നൈപുണി കളും നേടണം.ഹയർസെക്കറി ഒന്നാം വർഷത്തിൽ എത്തുന്ന പഠിതാവ് ലെവൽ 3 നിർദ്ദേശിക്കുന്ന നൈപുണികൾ ആർജ്ജി ക്കണം. പ്രവർത്തനഘട്ടങ്ങൾ കുറഞ്ഞ ലഘുവായ ഒരു തൊഴിൽ പൂർത്തീകരിക്കാൻ പഠിതാവിന് കഴിയണം. തെര ഞ്ഞെടുത്ത പ്രത്യേക തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട അടിസ്ഥാന വസ്തുതകൾ, പ്രക്രിയകൾ, തത്വങ്ങൾ എന്നിവ പഠിതാവ് ഗ്രഹിക്കണം.തൊഴിൽ വിദഗ്ധരുടെ നിരീ ക്ഷണത്തിൽ തൊഴിൽ സംബന്ധിച്ച ചില ഉത്തരവാദിത്വങ്ങൾ കുട്ടി ഏറ്റെടുക്കണം.

ഹയർസെക്കറി രണ്ടാം വർഷത്തിൽ പഠിതാവ് ലെവൽ 4 ൽ എത്തണം. ചിരപരിചിതമായ ചുറ്റുപാടിൽ നിത്യാനുഷ്ടാനമെന്ന നിലയിൽ പഠിതാവ് തൊഴിലുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവ സരം ലഭിക്കണം. തൊഴിൽ സംബന്ധിച്ച വസ്തുനിഷ്ഠ അറിവും കഴിവും ഉണ്ടാകാനുള്ള പ്രക്രിയകളിലൂടെ പഠി താവ് കടന്നുപോകണം.വ്യക്തതയോടെ വിവിധ രീതികളിൽ ആശയവിനിമയം നടത്താനും തെരഞ്ഞെടുത്ത തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട അടിസ്ഥാന തത്വങ്ങളും നൈപു ണികളും കൈവരിക്കാനും പഠിതാവിന് കഴിയണം. പഠനവു മായും തൊഴിലുമായും ബന്ധപ്പെട്ട് പഠിതാവ് സ്വയം ഉത്തര വാദിത്വങ്ങൾ ഏറ്റെടുക്കണം.

| | | | |
|---|---|---|---|
| ഡി | വൈദഗ്ധ്യ ആർജ്ജനത്തിനായി പാഠ്യപദ്ധതിയിൽ ഏർപ്പെടുത്തുന്ന അധികഭാരം അക്കാദമിക നിലവാരത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാനായി അധിക പഠന സമയം ഉദ്ദേശിക്കുന്നുണ്ടോ; | ഡി | *2018-19 വർഷത്തിൽ തെരഞ്ഞെടുത്ത സ്കൂളുകളിൽ 11,12 ക്ലാസ്സുകളിലെ വൊക്കേഷണൽ വിഷയങ്ങൾക്ക് പകരമായാണ് എൻ.എസ്. ക്യു.എഫിലെ തൊഴിൽ നൈപുണി പഠനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. അതിനാൽ അധിക സമയം കണ്ടെത്തേണ്ടതില്ല.* |
| ഇ) | പദ്ധതിക്കായി നൽകുന്ന കേന്ദ്ര സഹായം എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഇ) | *വൊക്കേഷണലൈസേഷൻ ഓഫ് സെക്കന്ററി ആൻഡ് ഹയർ സെക്കന്ററി എഡ്യൂക്കേഷൻ (**VSHSE**) എന്ന സ്കീം പ്രകാരം നിലവിൽ തെഞ്ഞെടുത്ത സർക്കാർ സ്കൂളുകളിൽ 25 കുട്ടികൾ വീതമുള്ള രണ്ട് ബാച്ചുകൾക്ക് കേന്ദ്രസഹായം 60:40 എന്ന അനുപാതത്തിൽ ലഭ്യമാണ്. എയിഡഡ് സ്കൂളുകൾക്ക് പ്രസ്തുത സ്കീം ബാധകമല്ല.* |

**സെക്ഷൻ ഓഫീസർ**